പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2046</u> <u>05.12.2018 ൽ മറുപടിക്ക്</u>

## <u>ശബരിമല വിമാനത്താവളം</u>

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, വി.പി.സജീന്ദ്രൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ശബരിമല വിമാനത്താവളം നിർമ്മാണവുമായി ബന്ധപ്പെട്ട് വിദേശകമ്പനിയായ ഹാരിസൺ കൈവശം വച്ചിരുന്ന 38000 ഏക്കർ സ്ഥലം ഏറ്റെടുക്കുവാൻ സ്പെഷ്യൽ ഓഫീസർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ;<br><br>(ബി) ശബരിമല വിമാനത്താവളം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന ചെറുവള്ളി എസ്റ്റേറ്റ് ഉൾപ്പെടുന്നത് ഇപ്രകാരം ഏറ്റെടുത്ത സ്ഥലത്താണോയെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും | ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനി അവരിൽ നിന്ന് ഭൂമി നേടിയവർ മറ്റ് കയ്യേറ്റക്കാർ ഉടങ്ങിയവർക്കെതിരെ കേരള ഭൂസംരക്ഷണ നിയമം 1957 സെക്ഷൻ 15 പ്രകാരം നടപടിയെടുക്കുന്നതിന് നിയമിതനായ സ്പെഷ്യൽ ഓഫീസർ HML ഉം മറ്റ് കമ്പനികളും കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിൽ അനധികൃതമായി കൈവശംവച്ചിരിക്കുന്ന 38,170.92 ഏക്കർ സർക്കാർ ഭൂമിയാണെന്നു പ്രഖ്യാപിച്ചും ഏറ്റെടുക്കുന്നതിനായി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. നിർദ്ദിഷ്ട ശബരിമല വിമാനത്താവളത്തിനായി പരിഗണിക്കുന്ന ചെറുവള്ളി എസ്റ്റേറ്റും അപ്രകാരം ഏറ്റെടുക്കുന്നതിനായി സ്പെഷ്യൽ ഓഫീസർ ഇറക്കിയ ഉത്തരവിൽപ്പെട്ട ഭൂമിയാകുന്നു |
| (സി) ഏറ്റെടുത്ത സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തോട്ട ഉടമകൾക്കാണെന്ന് കോടതി പ്രഖ്യാപിച്ചിട്ടുണ്ടോ; | (സി) | ഇല്ല, ഭൂമി ഏറ്റെടുക്കുന്നതിനെതിരെ ടി കമ്പനികളും (HML, Boyce, Cheruvally (GFA), Riya, TR ... മറ്റുള്ളവരും ഫയൽ ചെയ്ത WP(C)33122/2014 ഉം മറ്റ് ബന്ധപ്പെട്ട റിട്ട് ഹർജികളിൽ 11-4-2018 ൽ ബഹു.ഹൈക്കോടതി ഡിവിഷൻ ബെഞ്ച് പുറപ്പെടുവിച്ച വിധിയിൽ ടി കമ്പനികളുടെ ഭൂമി ഏറ്റെടുക്കുന്നതിന് സ്പെഷ്യൽ ഓഫീസർ ഇറക്കിയ ഉത്തരവുകൾ റദ്ദുചെയ്യുകയുണ്ടായി. കെ.എൽ.സി നിയമപ്രകാരം നിയോഗിക്കപ്പെട്ട സ്പെഷ്യൽ ഓഫീസർക്ക് ഒറ്റയടിക്ക് കമ്പനികളുടെ കൈവശമുള്ള രേഖകൾ അസാധുവാക്കി പ്രസ്തുത ഭൂമി ഏറ്റെടുക്കാൻ അധികാരമില്ല എന്ന് കോടതി വിധിച്ചിരിക്കുന്നത്. പ്രസ്തുത വിധിയിൽ ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച കാര്യങ്ങൾ ഡിവിഷൻ ബെഞ്ച് പരിഗണിച്ചിട്ടില്ല എന്നു മാത്രമല്ല ഹാരിസൺ അടക്കമുള്ള കമ്പനികൾക്ക് ഭൂമിയുടെ ഉടമസ്ഥത ഉള്ളതായി കോടതി കണ്ടെത്തിയിട്ടില്ലാത്തതുമാകുന്നു. ഭൂമിയുടെ ഉടമസ്ഥ... |

| | | |
|---|---|---|
| | | സംബന്ധിച്ച തർക്കം പരിഹരിക്കുന്നതിനായി പരാതിക്കാരായ കമ്പനികൾ കോടതിയെ സമീപിക്കേണ്ടതില്ല എന്നും ടി വിഷയത്തിൽ സർക്കാരിന്റെ അധികാരപ്പെട്ട കേന്ദ്രങ്ങൾക്ക് ആവശ്യമായ വ്യവസ്ഥാപിതമായ നടപടികൾ സ്വീകരിക്കാവുന്നതാണെന്നും ഉടമസ്ഥാവകാശം തെളിയിക്കുന്നതിന് സർക്കാരിന് സിവിൽ കോടതിയെ സമീപിക്കാവുന്നതാണെന്നും പ്രസ്തുത വിധിയിൽ പരാമർശിച്ചിരുന്നു. ഈ വിധിക്കെതിരെ ഫയൽ ചെയ്ത അപ്പീലുകൾ 17.09.2018 ൽ ബഹു. സുപ്രീം കോടതി തള്ളുകയുണ്ടായി. |
| (ഡി) | ചെറുവള്ളി എസ്റ്റേറ്റ് നഷ്ടപരിഹാരം കൊടുത്ത് ഏറ്റെടുക്കുവാനാണോ ഉദ്ദേശിക്കുന്നത്; എങ്കിൽ, ഒരിക്കൽ ഏറ്റെടുത്ത സ്ഥലം എപ്രകാരമാണ് നഷ്ടപരിഹാരം കൊടുത്ത് വീണ്ടും ഏറ്റെടുക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) തർക്ക വിഷയമായ ഭൂമി ആയതിനാൽ ഭൂമി വിലയ്ക്ക് വാങ്ങുന്നത് സംബന്ധിച്ച വിഷയം നിലവിൽ ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ